DESPATCHED
23/06/2020
28.2.20.



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic. ker@nic.in

**ഹർജി നമ്പർ AP. 2420(2)/2019/എസ്.ഐ.സി.**
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നം. 16910/എസ്.ഐ.സി–ജി 6/2019)**
**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീമതി ഇവാഞ്ചലിൻ സുഗുണൻ,
ടി.സി.നം.11/1324, ബെയിൻസ് കോമ്പൗണ്ട്,
നന്തൻകോട്, തിരുവനന്തപുരം . } അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം നഗരസഭ,
തിരുവനന്തപുരം – 695 003.

2. അപ്പീൽ അധികാരി &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
എഞ്ചിനീയറിംഗ് സെക്ഷൻ, തിരുവനന്തപുരം നഗരസഭ,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 13.03.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 18.09.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 22.09.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 22.09.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 04.02.2020 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി ഇവാഞ്ചലിൻ സുഗുണൻ, 22.09.2019 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം

അപ്പീലിനും മറുപടി ലഭ്യമാക്കിയില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 13.03.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് സ്കൂളുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു.

3. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 06.02.2020 തീയതി കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരി ഹാജരായില്ല.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരി സമർപ്പിച്ച അപേക്ഷയിൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയാണെന്ന് രേഖപ്പെടുത്തുകയോ നിയമാനുസൃതമായ സ്റ്റാമ്പ് പതിപ്പിക്കുകയോ ചെയ്യാത്തതിനാലാണ് വിവരം നൽകാത്തതെന്ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ടി സാഹചര്യത്തിൽ പരാതി ഹർജിക്കാരിക്ക് ആവശ്യമുള്ള വിവരങ്ങൾ ലഭ്യമാകുന്നതിനായി വിവരാവകാശ നിയമം അനുശാസിക്കുന്ന 10/- രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ച് വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരമുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് ടിയാൾക്ക് കമ്മീഷൻ നിർദ്ദേശം നൽകികൊണ്ട് ടി പരാതി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

JN

RIGHT TO INFORMATION